# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8130** — **17/07/2014-ൽ മറുപടിക്ക്**

## സംസ്ഥാന വെയർ ഹൗസുകളിൽ സ്റ്റോക്കുള്ള മരുന്നുകൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
" പി. തിലോത്തമൻ
" മുല്ലക്കര രത്നാകരൻ
" കെ. രാജു

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വെയർ ഹൗസുകളിൽ ആകെ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിൽ കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസുകളിൽ ആകെ 47.15 കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ട്. |
| (ബി) | വെയർഹൗസുകളിൽ കെട്ടിക്കിടന്ന് മരുന്നുകൾ നശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്രകാരം നശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) & (സി) | ഇൻഡന്റ് പ്രകാരം സംഭരിച്ച ചില മരുന്നുകൾ ആശുപത്രികൾ സ്വീകരിക്കാൻ തയ്യാറാകാതെ കാലാവധി കഴിഞ്ഞതായിട്ടുണ്ട്. 2.8 കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ കാലാവധി കഴിഞ്ഞതായി വെയർഹൗസുകളിൽ ഉണ്ട്. |
| (സി) | എത്ര രൂപയ്ക്കുള്ള കാലാവധി കഴിഞ്ഞ മരുന്നുകൾ ഇപ്പോൾ വെയർഹൗസുകളിൽ ഇരിപ്പുണ്ടെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | ആശുപത്രികളിൽ നിന്നും നൽകുന്ന ഇൻഡന്റ് അനുസരിച്ച് മരുന്നുകൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ